**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5229** **21-03-2025 - ൽ മറുപടിയ്ക്ക്**

**സ്റ്റുഡന്റ് പോലീസ് കേഡറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പോലീസിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ ആരംഭിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി സംസ്ഥാനത്തെ കോളേജുകളിലേക്കും വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | കേരള പോലീസിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ ആരംഭിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി സംസ്ഥാന ത്തെ കോളേജുകളിലേയ്ക്കും വ്യാപിപ്പിക്കുവാനുള്ള പ്രാരംഭ നടപടികളുടെ ഭാഗമായി അനുബന്ധ വകുപ്പുകളായ ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നീ വകുപ്പുകളുമായി സംയോജിച്ച് വിശദമായ ചർച്ചകൾ നടത്തി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ രൂപീകരിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ നയപരമായ തീരുമാനം ആവശ്യമാണ്. ഇതിനു പുറമെ പ്രതിവർഷം ചിലവാകാവുന്ന സാമ്പത്തിക ബാധ്യതയും കണക്കിലെടുക്കേണ്ടതുണ്ട്. |
| (ബി) | സ്കൂളുകളിൽ നിന്നും വ്യത്യസ്തമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് കോളേജുകളിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ബി) | സ്കൂളുകൾ കേന്ദ്രീകരിച്ച് സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്കായി നടത്തി വരുന്ന പ്രവർത്തനങ്ങൾക്ക് പുറമെ കോളേജുകൾ കേന്ദ്രീകരിച്ച് പോലീസ്, എക്സൈസ് വകുപ്പുകളുടെ കീഴിലുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, വിദേശ രാജ്യങ്ങളിൽ വിദ്യാഭ്യാസ-തൊഴിൽ മേഖലകളിൽ പോകുവാനു ദ്ദേശിക്കുന്ന വിദ്യാർത്ഥികൾക്ക് നോർക്കയുമായി ചേർന്ന് മനുഷ്യ ക്കടത്ത്, സേഫ് മൈഗ്രേഷൻ തുടങ്ങിയ വിഷയങ്ങളിൽ പരിശീലന പദ്ധതികൾ സംഘടിപ്പിക്കുവാനും സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി വനിത ശിശു വികസന വകുപ്പ്, വനിത വികസന കോർപ്പറേഷൻ, സാമൂഹ്യ നീതി വകുപ്പ് എന്നിവരുമായി സംയോജിച്ച് സർക്കാർ നടത്തി വരുന്ന വിവിധ കർമ്മ പദ്ധതികൾ അവയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്നിവ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനും, കേരള ലീഗൽ സർവ്വീസ് അതോറിറ്റിയുമായി ചേർന്ന് ആന്റി റാഗിങ്, 2023-ലെ പരിഷ്കരിച്ച പുതിയ ക്രിമിനൽ നിയമങ്ങൾ എന്നിവ യെക്കുറിച്ച് നിയമാവബോധം നൽകുന്നതിനും, വിദ്യാർത്ഥികളിൽ സ്വയം പര്യാപ്തത, സാമ്പത്തിക |

| | | | |
|---|---|---|---|
| | | | ഭദ്രത എന്നിവ വളർത്തുന്നതിന് ചെറുകിട തൊഴിലുകൾ ഉൾപ്പെടെയുള്ള സംരംഭകത്വ കാര്യങ്ങൾ ആരംഭിക്കുന്ന തിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് തൊഴിൽ നൈപുണ്യ വകുപ്പുമായുള്ള പ്രവർത്തനങ്ങൾക്കും, കേരള സംസ്ഥാന ബാലാവകാശ കമ്മീഷനുമായി ചേർന്ന് ശിശു സംരക്ഷണ പദ്ധതികളുടെ പ്രാധാന്യ ത്തെ സംബന്ധിച്ചും, ആരോഗ്യ വകുപ്പുമായി ചേർന്ന് ലൈംഗികാ രോഗ്യം, വ്യക്തി ശുചിത്വം, എന്നിവയെ സംബന്ധിച്ച പരിശീലനങ്ങൾ നൽകുവാനും തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് സ്രോതസ്സുകളിൽ തന്നെ മാലിന്യ നിർമ്മാർജ്ജനം നടത്തുന്ന പദ്ധതികളെ സംബന്ധിച്ച് കോളേജ് വിദ്യാർത്ഥികളിൽ അവബോധം നൽകുവാൻ ഈ പദ്ധതി മുഖാന്തിരം ലക്ഷ്യമിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ